പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 885 — 02.12.2015-ൽ മറുപടിക്ക്

## അങ്കമാലി നിയോജകമണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ : | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| എ. അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾക്ക് 475ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;<br>ബി എന്തെല്ലാം നടപടികളാണ് ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിന് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്;<br>സി ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച് പരിശോധിച്ചു വരുന്നു. ഒരു മാസത്തിനകം ടെണ്ടർ തീർപ്പാക്കി കരാറുകാരന് വർക്ക് ഓർഡർ നൽകുവാൻ കഴിയുന്നതാണ്. കൂടാതെ റോഡ് കട്ടിംഗ് സാങ്ഷൻ ലഭിക്കുന്നതിനായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി അപേക്ഷിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് സാങ്ഷൻ ലഭിച്ചു കഴിഞ്ഞാൽ മൂന്ന് മാസത്തിനകം പണികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ